**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 15.05.2017-ൽ |
| ചോദ്യം നമ്പർ - 3676 | മറുപടിയ്ക്ക് |

**കോട്ടക്കലിലെ കഞ്ഞിപ്പുര - മൂടാൽ ബൈപ്പാസിലെ പൈപ്പ് ലൈൻ മാറ്റാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കഞ്ഞിപ്പുര - മൂടാൽ ബൈപ്പാസിലെ പൈപ്പ് ലൈൻ മാറ്റുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;<br><br>(ബി) ഇതിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ;<br><br>(സി) സ്ഥലമേറ്റെടുക്കുന്നതിനും പ്രവൃത്തി നടത്തുന്നതിനും ആവശ്യമായ ബാക്കി തുക ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ചീഫ് എഞ്ചിനിയറുടെ കത്ത് ലഭിച്ചിട്ടുണ്ടോ ; ആയതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (എ), (ബി) & (സി) 25.01.2017-ൽ കഞ്ഞിപ്പുര - മൂടാൽ ബൈപ്പാസ് വീതി കൂട്ടുന്നതിനും, ഇലക്ട്രിക് പോസ്റ്റുകളും, വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനും മാറ്റിസ്ഥാപിക്കുന്നതിനും വേണ്ടി സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ 2017-18 സാമ്പത്തിക വർഷത്തിൽ പരിഗണനയ്ക്ക സമർപ്പിക്കുവാൻ 11.04.2017-ലെ ജി3/129/2017 നമ്പർ കത്തു പ്രകാരം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഫണ്ട് അനുവദിക്കുന്ന വിഷയം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) കഞ്ഞിപ്പുര- മൂടാൽ റോഡിന്റെ പ്രവൃത്തിക്ക് ആകെത്തിൽ എത്ര തുകയാണ് കണക്കാക്കിയിരിന്നത്; എത്ര തുക അനുവദിച്ചു ;ഇനി എത്ര തുക അനുവദിക്കാനുണ്ട്; ബാക്കി തുക എന്നത്തേക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) 16.02.2012-ലെ സ.ഉ. (സാധാ) നം. 238/12/പൊ.മ.വ പ്രകാരം 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 15 കോടി രൂപ റോഡ് പ്രവൃത്തിയ്ക്കും, 10 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിനുമായാണ് വകയിരുത്തിയിട്ടുള്ളത്. 16.11.2016-ലെ സ.ഉ. (സാധാ) നം. 1579/2016/പൊ.മ.വ പ്രകാരം 25,40,000/- രൂപ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബിയ്ക്ക് നൽകിയിട്ടുണ്ട്. 03.08.2016-ലെ സ.ഉ (സാധാ) നം. 1133/2016/പൊ.മ.വ. പ്രകാരം കഞ്ഞിപ്പുര – മൂടാൽ ബൈപ്പാസ് റോഡ് വികസനത്തിന് സ്ഥലമേറ്റെടുക്കുന്നതിനായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതു പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി പുരോഗമിച്ചു വരുന്നു. ബാക്കിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് 27,48,33,734/- രൂപ ആവശ്യമായുണ്ട്. നടപ്പു സാമ്പത്തിക വർഷം പരിഷ്കരിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ തുക അനുവദിക്കുന്ന വിഷയം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ